**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1979** **20-06-2024 - ൽ മറുപടിയ്ക്ക്**

**കന്നുകാലികളിലെ ചർമ്മമുഴ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കന്നുകാലികളിലെ ചർമ്മമുഴ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; രോഗ വ്യാപനം തടയുന്നതിനുള്ള വാക്സിനേഷൻ ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ചർമ്മമുഴ രോഗം നിയന്ത്രണ വിധേയമാക്കുന്നതിനുവേണ്ടി സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രൊജക്റ്റ് കോ ഓർഡിനേറ്ററുടെ നേതൃത്വത്തിൽ വാക്സിനേഷൻ ക്യാമ്പയിൻ നടത്തിവരുന്നുണ്ട്. 2023ൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വാക്സിനേഷൻ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. ഈ വർഷം വാക്സിനേഷൻ ക്യാമ്പയിൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ഏതെങ്കിലും സ്ഥലത്ത് ചർമ്മമുഴ വ്യാപനം സ്ഥിരീകരിച്ചാൽ "കണ്ടയിൻമെന്റ് വാക്സിനേഷൻ" നടത്തി, രോഗവ്യാപനം തടയുകയും ചെയ്യുന്നുണ്ട്. |
| (ബി) | ചർമ്മമുഴ രോഗം ബാധിച്ച് മരണപ്പെട്ട കന്നുകാലികളുടെ ഉടമകളായ ക്ഷീര കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരം ലഭ്യമാകുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ? | (ബി) | ഉണ്ട്. ചർമ്മമുഴ ബാധിച്ച് മരണപ്പെട്ട കന്നുകാലികളുടെ ഉടമകളായ ക്ഷീരകർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ധനസഹായം അനുവദിക്കുന്ന ശീർഷകത്തിൽ (2403-00-101-97-00-34-03-PV) നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് 05/04/2023 ലെ സ.ഉ. (സാധാ) നം. 138/2023/എ.എച്ച്.ഡി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദുരന്തനിവാരണ മാനദണ്ഡപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ